## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6605 9.7.2014- ലെ മറുപടിക്ക്**

## നികുതിവരുമാനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നികുതി വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>വാണിജ്യ നികുതി വകുപ്പിൽ റിപ്പോർട്ട് ചെയ്യുന്ന ടേണോവറും യഥാർത്ഥ വിൽപ്പനയുടെ തോതും തമ്മിലുള്ള അന്തരം കുറയ്ക്കുവാനുള്ള നടപടികൾക്കാണ് മുൻഗണന നൽകിയത്. ഇതിലേക്കായി, നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിനായി വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റ് പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇതു രേഖ പരിശോധനയിൽ ചുരുങ്ങാതെ, സെലക്ടീവായി വിശദമായ ഫിസിക്കൽ വെരിഫിക്കേഷൻ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ചെക്ക് പോസ്റ്റുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ ടേക്ക് ഓവറും ഓവർ ചെക്കിംഗും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ സംസ്ഥാനത്തിനകത്തെ ചരക്കു വാഹനങ്ങളുടെ പരിശോധനയും കർശനമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ക്രോസ് വെരിഫിക്കേഷനുവേണ്ടി ബില്ല് കളക്ട് ചെയ്യുന്നുണ്ട്. പാഴ്സൽ, കുറിയർ ഏജൻസികളിൽ സമയബന്ധിതമായി പരിശോധന നടത്തുന്നുണ്ട്. റെയിൽവേ, തുറമുഖം, ടൂറിസ്റ്റ് വാഹന പരിശോധന എന്നിവയും കർശനമാക്കിയിട്ടുണ്ട്. പുതുതായി രൂപവൽക്കരിച്ച ഇക്കണോമിക് ഇന്റലിജൻസ് വിംഗ് പുറം ഏജൻസികളിൽ നിന്നും ശേഖരിക്കുന്ന രേഖകൾ ഡീലർമാരുടെ റിട്ടേണുമായി ഒത്തുനോക്കി വെട്ടിപ്പുകൾ കണ്ടുപിടിക്കുന്നുണ്ട്. ഓൺലൈൻ ചെക്ക് പോസ്റ്റ് ഡിക്ളറേഷനും റിട്ടേണുമായി ഒത്തുനോക്കുന്ന സ്ക്രൂട്ടിനിയും കർശനമാക്കിയിട്ടുണ്ട്. നികുതി വെട്ടിപ്പ് കൂടുതൽ സാധ്യതയുള്ള ചരക്കുകളിൽ മുൻകൂർ നികുതി ഏർപ്പെടുത്തുകയും ആയതിൽ തറവില |

സമയാസമയങ്ങളിൽ പുനർ നിർണ്ണയിക്കുകയും ചെയ്യുന്നുണ്ട്. ഡാറ്റാ മൈനിംഗ് സെല്ലും സെലക്ടീവായി ഫയൽ കണ്ടെത്തി വിശദമായ സ്ക്രൂട്ടിനി നടത്തി നികുതി വെട്ടിപ്പുകൾ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്.

നികുതി കുടിശ്ശിക ഫലപ്രദമായി പിരിച്ചെടുക്കുന്നതിനായി സ്റ്റേയിൽ കിടക്കുന്ന പ്രധാന കേസുകൾ തിട്ടപ്പെടുത്തുകയും ആയത് എത്രയും പെട്ടെന്ന് തീർപ്പുകല്പിക്കുന്നതിനുമായി ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ)-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കോടതിയിലുള്ള അത്തരം കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഗവൺമെന്റ് പ്ലീഡർമാരുമായും എ.ജി.യുമായും കൂടി ആലോചിച്ച് നടപടി സ്വീകരിച്ചു വരുന്നു. നികുതി കുടിശ്ശികയുള്ള വ്യാപാരികളെ കണ്ടെത്തുകയും, അത്തരക്കാരുടെ വാഹനങ്ങൾ ചെക്ക് പോസ്റ്റിൽ തന്നെ തടഞ്ഞു വയ്ക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. റവന്യു റിക്കവറിയിൽ കിടക്കുന്ന തുകകൾ ഫലപ്രദമായി പിരിച്ചെടുക്കുന്നതിനായി ജില്ലാ കളക്ടർമാരുടെ യോഗം വിളിക്കുകയും കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നികുതി കുടിശ്ശിക വരുത്തിയ വ്യാപാരികൾക്ക് ഓൺലൈൻ സേവനങ്ങൾ നിർത്തിവെയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നികുതി കുടിശ്ശികയുള്ള വ്യാപാരികളുടെ വകുപ്പുതല റവന്യു റിക്കവറി നടപടികൾ ശക്തമാക്കാൻ നിർദ്ദേശം നൽകുകയും ആയതിന്റെ പുരോഗതി അവലോകനം ചെയ്യുകയും ചെയ്തുവരുന്നു. ഇതിനുപുറമേ സർക്കാർ പുറപ്പെടുവിച്ച നിരുപാധിക സ്റ്റേകൾ അസാധുവാക്കിയ സാഹചര്യത്തിൽ അതിലുൾപ്പെട്ട തുകകൾ പിരിച്ചെടുക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ/സഹകരണ സൊസൈറ്റികൾ നടത്തിവരുന്ന പ്രതിമാസ നിക്ഷേപ പദ്ധതി സ്കീമിലേക്ക് നിക്ഷേപകരും, സഹകരണ ബാങ്കുകളും/സൊസൈറ്റികളും തമ്മിൽ ഉണ്ടാക്കുന്ന എല്ലാ ഉടമ്പടികൾക്കും/ കരണങ്ങൾക്കും ആൾ ഒന്നിന് 100/- രൂപ നിരക്കിൽ സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുവാൻ തീരുമാനിച്ചു.

ചാരിറ്റബിൾ സൊസൈറ്റികളുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, റൂൾസ് ആന്റ് റഗുലേഷൻസ് എന്നിവയ്ക്ക് 500/- രൂപയുടെ സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്തി.

എ.റ്റി.എം. മെഷീനുകൾ, മൊബൈൽ ടവറുകൾ എന്നിവ സ്ഥാപിക്കുന്നതിന് സ്ഥല ഉടമകളുമായി ഉണ്ടാക്കുന്ന എല്ലാ ഉടമ്പടികൾക്കും കരണങ്ങൾക്കും അവ പുതുക്കുന്നതിനും യഥാക്രമം 2500/-, 5000/- രൂപ നിരക്കിൽ പ്രതിവർഷം സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുവാൻ ഉത്തരവായി.

കമ്പനികളുടെ ആർട്ടിക്കിൾ ഓഫ് അസോസിയേഷന്റെ മുദ്രവില നിരക്കുകൾ paid up capital-ന്റെ അടിസ്ഥാനത്തിൽ സ്ലാബ് രീതിയിൽ പരിഷ്കരിച്ചു.

പഞ്ചായത്ത്, മുൻസിപാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് 6 ശതമാനമായി ഏകീകരിച്ചു.

സംസ്ഥാനത്തെ റവന്യൂ വകുപ്പിന്റെ ലാന്റ് റവന്യൂ ഇനങ്ങളിലെ വരുമാന വർദ്ധനവ് ലക്ഷ്യം വച്ച് സാമ്പത്തിക വർഷാവസാന മാസങ്ങൾ നികുതി പിരിവ് സ്പെഷ്യൽ ഡ്രൈവ് കാലയളവായി കണക്കാക്കി പ്രത്യേക പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഈ കാലയളവിൽ സംസ്ഥാനത്തെ വില്ലേജ് തലം വരെയുള്ള റവന്യൂ ഓഫീസുകളിലെ ദൈനംദിന പിരിവ് പുരോഗതി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് കേന്ദ്രമാക്കി വിലയിരുത്തുകയും വരുമാന വർദ്ധനവിനുതകുന്ന നിർദ്ദേശങ്ങൾ നൽകുകയും നടപടികൾ ഫലപ്രദമാണെന്ന് ഉറപ്പു വരുത്തുകയും ചെയ്തു വരുന്നു. പ്രസ്തുത നടപടികൾ നികുതി വരുമാന വർദ്ധനവിന് സഹായകരമായിട്ടുണ്ട്. അതോടൊപ്പം എൽ.ആർ. ഇനങ്ങളിൽ ഉൾപ്പെട്ട് വരുന്ന പോക്ക് വരവ് ഫീസ് വർദ്ധിപ്പിച്ചു. 2014-ലെ ധനകാര്യ ബിൽ പ്രകാരം ബിൽഡിംഗ് ടാക്സ് ഇരട്ടിയാക്കി വർദ്ധിപ്പിച്ചു.

ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ ശേഖരിച്ചു നൽകുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | ഇതിനായി പുതിയ പദ്ധതികൾക്ക് തുടക്കമിടുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) & (സി) & (ഡി) | ഇതിനായി 2014-ലെ ധനകാര്യ ബില്ലിലൂടെ താഴെപ്പറയുന്ന നികുതി നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br>• ഒരു കെയ്സിന് 400 രൂപയോ അതിൽ കൂടുതലോ ബിവറേജസ് കോർപ്പറേഷൻ വാങ്ങൽ വില നൽകുന്ന വിദേശ മദ്യത്തിന്റെ നികുതി നിരക്ക് 10 ശതമാനം ഉയർത്തിയിട്ടുണ്ട്. 400 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.<br>• ഒരു കോടി രൂപയ്ക്ക് മേൽ ടെക്സ്റ്റയിൽസ് ഇനങ്ങളുടെ വിറ്റുവരവുള്ള വ്യാപാര സ്ഥാപനങ്ങളുടെ റെഡിമെയ്ഡ് ഒഴികെയുള്ള ടെക്സ്റ്റയിലുകളുടെ |
| (സി) | ഏതെല്ലാം മേഖലകളാണ് ഇതിനായി തെരഞ്ഞെടുക്കാനുദ്ദേശി-ക്കുന്നതെന്ന് വിശദമാക്കുമോ ; | | |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം? | | |

വിറ്റുവരവിന്മേൽ 2 ശതമാനം ടേൺ ഓവർ ടാക്സ് ചുമത്തിയിട്ടുണ്ട്. 100 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

- പേപ്പർ ലോട്ടറികളുടെ നറുക്കെടുപ്പിന്മേലുള്ള നികുതി സാധാരണ നറുക്കെടുപ്പുകൾക്ക് നിലവിലെ 30 ലക്ഷം രൂപയിൽ നിന്ന് 50 ലക്ഷം രൂപയായും ബമ്പർ നറുക്കെടുപ്പുകളുടേത് 60 ലക്ഷം രൂപയിൽ നിന്ന് ഒരു കോടിരൂപയായും ഉയർത്തി. ഇതിൽ നിന്നും 100 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

- വെളിച്ചെണ്ണ ഒഴികെയുള്ള എല്ലാ ഭക്ഷ്യ എണ്ണകളുടെയും നികുതി ഒരു ശതമാനത്തിൽ നിന്നും 5 ശതമാനമായി ഉയർത്തിയിട്ടുണ്ട്. 80 കോടിയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

- എല്ലാത്തരം യു.പി.എസുകളുടെയും നികുതി നിരക്ക് 14.5 ശതമാനമായി ഉയർത്തിയിട്ടുണ്ട്. 6 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

- അലുമിനിയം കോമ്പോസിറ്റ് പാനലിന്റെ നികുതി 14.5 ശതമാനമായി ഉയർത്തിയിട്ടുണ്ട്. 5 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

- ട്രേഡ് മാർക്ക് ആക്ടിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ബ്രാൻഡ് നെയിം ഉപയോഗിക്കുന്ന റെസ്റ്റോറന്റുകളെ 0.5 ശതമാനം എന്ന കുറഞ്ഞ കോമ്പൗണ്ടിംഗ് നിരക്കിന്റെ ആനുകൂല്യത്തിൽ നിന്നും മാറ്റുകയും 5 ശതമാനം ഷെഡ്യൂൾ നിരക്ക് ബാധകമാക്കുകയും ചെയ്തിട്ടുണ്ട്. 10 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

- മെറ്റൽ ക്രഷറുകളുടെ കോമ്പൗണ്ടിംഗ് നിരക്ക് പരിഷ്കരിച്ചു. 100 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

- മാനുഫാക്ചേർഡ് സാൻഡിന്റെ നികുതി നിരക്ക് 14.5 ശതമാനം ആയി ഉയർത്തുകയും ഇവർക്ക് കോമ്പൗണ്ടിംഗ് നികുതി ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 40 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

അധിക വിഭവസമാഹരണത്തിന്റെ ഭാഗമായി അണ്ടർ വാല്യുവേഷൻ കുടിശ്ശിക ഈടാക്കുന്നതിനായി കുടിശ്ശിക കേസുകളിൽ റവന്യു റിക്കവറി നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ആധാരങ്ങളിൽ മതിയായ മുദ്രവില ചുമത്തി മുദ്രവില/രജിസ്ട്രേഷൻ ഫീസ് വെട്ടിപ്പ് തടയുന്നതിന് എല്ലാ വകുപ്പു മേധാവികൾക്കും ജില്ലാ കളക്ടർമാർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും എല്ലാ പൊതുമേഖലാ സ്ഥാപന മേധാവികൾക്കും എസ്.എൽ.ബി.സി. കൺവീനർമാർക്കും നിർദ്ദേശം നൽകി.

ആധാരങ്ങളിൽ മതിയായ മുദ്രവില ചുമത്തി- മുദ്രവില/രജിസ്ട്രേഷൻ ഫീസ് വെട്ടിപ്പ് തടയുന്നതിനായി പബ്ലിക്ക് ആഫീസുകൾ പരിശോധിക്കുന്നതിന് എല്ലാ ജില്ലാ രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ ശേഖരിച്ചു നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ